തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# സോഷ്യോളജി

കോഴ്സ് കോഡ് **MUE23SOC - 09**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ | മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. ദി ആൻഡമാൻ ഐലാൻഡേഴ്സ് (The Andaman Islanders) ആരുടെ രചനയാണ്?
   a) ബ്രോണിസ്ലോവ് മലിനോവ്സ്കി
   b) റാഡ്ക്ലിഫ് ബ്രൗൺ
   c) ഇവാൻസ് പ്രിച്ചാർഡ്
   d) മേരി ഡഗ്ലസ്

2. വ്യാഖ്യാനാത്മക വിശകലന (Interpretive Understanding) ത്തിന് പ്രാധാന്യം നൽകിയ സമൂഹശാസ്ത്രജ്ഞൻ?
   a) കാൾ മാർക്സ്
   b) മാക്സ് വെബർ
   c) ഹെർബർട്ട് സ്പെൻസർ
   d) എമിൽ ദുർഖൈം

3. ധർമ്മാധിഷ്ഠിത സമീപനം (Functionalist approach) നരവംശശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തിയതാര്?
   a) ബ്രോണിസ്ലോവ് മലിനോവ്സ്കി
   b) റോബർട്ട് കെ. മെർട്ടൻ
   c) ടാൽകോട്ട് പാർസൺസ്
   d) ഹെർബർട്ട് സ്പെൻസർ

4. നമുക്ക് ജാതിയില്ലാ വിളംബരം നടത്തിയ സാമൂഹ്യപരിഷ്കർത്താവ്?
   a) അംബേദ്കർ
   b) ശ്രീനാരായണഗുരു
   c) അയ്യങ്കാളി
   d) ഗാന്ധിജി

5. പ്രൊട്ടസ്റ്റന്റ് എത്തിക്സ് ആൻഡ് സ്പിരിറ്റ് ഓഫ് കാപ്പിറ്റലിസം (Protestant ethics and spirit of capitalism) ആരുടെ രചനയാണ്?
   a) എമിൽ ദുർഖൈം
   b) അഗസ്റ്റേ കോംതെ
   c) മാക്സ് വെബർ
   d) കാൾ മാർക്സ്

6. അടിത്തറ - മേല്പുര സങ്കല്പം സമൂഹപഠനത്തിൽ അവതരിപ്പിച്ചതാര്?
   a) ഹെർബർട്ട് സ്പെൻസർ
   b) കാൾ മാർക്സ്
   c) ദുർഖൈം
   d) അഗസ്റ്റേ കോംതെ

7. പാവപ്പെട്ട സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രാഥമിക ആരോഗ്യ സുരക്ഷാ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്ത്യാ ഗവൺമെന്റ് പദ്ധതി?
   a) NREGS
   b) NRHM
   c) NHPC
   d) NNAM

8. സംസ്ഥാന വനിതാ കമ്മീഷന്റെ പ്രസിദ്ധീകരണം?
   a) സ്ത്രീശക്തി
   b) രാഷ്ട്രമഹിള
   c) സ്ത്രീ
   d) മഹിളാരത്നം

9. 'Peasant Struggle in India' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
   a) എസ്.സി. ദുബേ
   b) എം.എൻ. ശ്രീനിവാസ്
   c) സുർജിത് സിൻഹ
   d) എ.ആർ. ദേശായി

10. ദി എലമെന്ററി ഫോംസ് ഓഫ് റിലിജിയസ് ലൈഫ് (The elementary forms of religious life) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?
    a) മാക്സ് വെബർ
    b) എമിൽ ദുർഖൈം
    c) സ്പെൻസർ
    d) അഗസ്റ്റേ കോംതെ

11. ജാതി തൊഴിലിന്റെ വിഭജനം മാത്രമല്ല, തൊഴിലാളികളുടെ വിഭജനം കൂടി ലക്ഷ്യമിടുന്നു എന്നു സമർത്ഥിച്ച നേതാവ്?
    a) ശ്രീനാരായണഗുരു
    b) ബി.ആർ. അംബേദ്കർ
    c) ഡോ. പൽപ്പു
    d) ഗാന്ധിജി

12. തന്നിരിക്കുന്ന ഡാറ്റയിൽ ഏറ്റവും പതിവായി സംഭവിക്കുന്ന മൂല്യം പ്രതിനിധാനം ചെയ്യുന്നത്?

a) മീൻ
b) മീഡിയൻ
c) മോഡ്
d) കോ വേരിയൻസ്

13. ഇന്ത്യയിൽ ഏത് സംസ്ഥാനമാണ് സാക്ഷരതയൽ ഒന്നാം സ്ഥാനത്ത്?

a) മിസോറാം
b) ലക്ഷദ്വീപ്
c) കേരളം
d) ബീഹാർ

14. ഇന്ത്യയിൽ 73-ാം ഭരണഘടനാ ഭേദഗതി നടപ്പിലാക്കിയ വർഷം?

a) 1992
b) 1990
c) 1947
d) 1980

15. താഴെ പറയുന്നവയിൽ ഏതാണ് പരിസ്ഥിതി പ്രസ്ഥാനം?

a) തെഭാഗാ മൂവ്മെന്റ്
b) ചിപ്കോ മൂവ്മെന്റ്
c) ചെങ്ങര മൂവ്മെന്റ്
d) ഖിലാഫത്ത് മൂവ്മെന്റ്

16. ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നയരൂപീകരണം നടത്തിയ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം?

a) ഗോവ
b) ബീഹാർ
c) കേരളം
d) ബംഗാൾ

17. നർമ്മദാ ബചാവോ ആന്തോളന് നേതൃത്വം നൽകിയത്?

a) അരുന്ധതി റോയ്
b) മേധാ പട്കർ
c) ബാവിസ്കർ
d) നന്ദിനി സുന്ദർ

18. വിദ്യാഭ്യാസ പുരോഗതി ലക്ഷ്യംവെച്ച് വിക്ഷേപിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ സാറ്റലൈറ്റ്?

a) GSAT- 3
b) APPLE
c) INSAT-1A
d) INSAT-IB

19. മർദ്ദിതരുടെ ബോധനശാസ്ത്രം (Pedagogy of the oppressed) ആരുടെ ഗ്രന്ഥമാണ്?

a) വിവേകാനന്ദൻ
b) രവീന്ദ്രനാഥ ടാഗോർ
c) പൗലോ ഫ്രെയറി
d) ഗാന്ധിജി

20. നയി താലിം (Nai Talim) ആരുടെ വിദ്യാഭ്യാസ പരീക്ഷണമാണ്?

a) ശ്രീ അരബിന്ദോ
b) രവീന്ദ്രനാഥ ടാഗോർ
c) ഗാന്ധിജി
d) വിവേകാനന്ദൻ

21. ഇന്ത്യൻ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിൽ മാർക്സിസ്റ്റ് സമീപനത്തിന്റെ പ്രസക്തി ഊന്നിപ്പറഞ്ഞ സാമൂഹ്യശാസ്ത്രജ്ഞൻ?

a) എ.ആർ. ദേശായി
b) യോഗേന്ദ്രസിംഗ്
c) എൻ.കെ. ബോസ്
d) സുർജിത് സിൻഹ

22. ഇന്ത്യയിൽ വൈദ്യുതോൽപ്പാദനത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇന്ധനം?

a) പെട്രോൾ
b) കൽക്കരി
c) ഡീസൽ
d) ലിഗ്നൈറ്റ്

23 ഇന്ത്യയിലെ ഏറ്റവുംവലിയ കണ്ടൽക്കാടുകൾ ഏത് സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്?

a) കേരളം
b) ബംഗാൾ
c) ഒറീസ
d) മദ്ധ്യപ്രദേശ്

24. ഒറ്റ വയ്ക്കോൽ വിപ്ലവം ആരുടെ കൃഷി പരീക്ഷണമാണ്?
  a) എം.എസ്. സ്വാമിനാഥൻ  b) മസനോബു ഫുക്കുവോക്ക
  c) ധാബോൽക്കൽ  d) ടി. അജീഷ്

25. സാധുജന പരിപാലന സംഘം എന്ന സംഘടനയുടെ സ്ഥാപകൻ?
  a) ശ്രീനാരായണഗുരു  b) സഹോദരൻ അയ്യപ്പൻ
  c) അയ്യങ്കാളി  d) അംബേദ്കർ

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** **(5 x5= 25)**

26. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് വിലയിരുത്തുക?

27. കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കുടിയേറ്റത്തെ സമൂഹശാസ്ത്രപരമായി അപഗ്രഥിക്കുക.

28. സമൂഹ പരിണാമത്തിൽ നവോത്ഥാന കാലഘട്ടത്തിന്റെ പ്രാധാന്യം വിവരിക്കുക.

29. വസ്തുനിഷ്ഠതാവാദം (Positivism) എന്ന ആശയം വിശദമാക്കുക.

30. ഗുണാധിഷ്ഠിത ഗവേഷണത്തിന്റെ (Qualittative Research) സാധ്യതകളും പരിമിതികളും വിശദീകരിക്കുക.

31. കേരളത്തിലെ പാരമ്പര്യ തൊഴിൽ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും കുറിച്ച് വിവരിക്കുക.

32. വർഗ്ഗസമരത്തെ (Class Struggle) സംബന്ധിച്ച കാറൽ മാർക്സിന്റെ ആശയങ്ങൾ വിവരിക്കുക?

33. കുടുംബം, വിവാഹം എന്നീ സാമൂഹ്യസ്ഥാപനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിശദീകരിക്കുക.

-- -- --